**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 71** **10-06-2024 - ൽ മറുപടിയ്ക്ക്**

**ശബരിമല വിമാനത്താവളം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പ്രമോദ് നാരായണൻ,<br>ശ്രീ. ജോബ് മൈക്കിൾ,<br>ഡോ. എൻ. ജയരാജ്,<br>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ശബരിമല ഗ്രീൻഫീൽഡ് വിമാനത്താവളത്തിന്റെ നിർമ്മാണം സംബന്ധിച്ച പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; | (എ) | ശബരിമല വിമാനത്താവള പദ്ധതിയുടെ വിശദമായ പദ്ധതി റിപ്പോർട്ട് (ഡി.പി.ആർ) തയ്യാറാക്കുന്നതിന് സ്റ്റുപ് കൺസൾട്ടന്റ്സ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിനെ ടെൻഡർ നടപടികളിലൂടെ തിരഞ്ഞെടുത്തിട്ടുണ്ട്. ആറ് മാസം കൊണ്ട് ഡി.പി.ആർ പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്. പദ്ധതിയ്ക്ക് കേന്ദ്ര വ്യോമയാന മന്ത്രാലയത്തിന്റെ "സൈറ്റ് ക്ലിയറൻസ്" അനുമതി 13.04.2023-ന് ലഭിച്ചിരുന്നു. ഇതിന്റെ കാലാവധിയായ രണ്ടു വർഷത്തിനുള്ളിൽ തന്നെ മന്ത്രാലയത്തിൽ നിന്നും പദ്ധതിക്ക് തത്വത്തിലുള്ള അംഗീകാരം (ഇൻ പ്രിൻസിപ്പിൾ അപ്പ്രൂവൽ) നേടിയെടുക്കുന്നതിനായി ഡി.പി.ആർ തയ്യാറാക്കി സമർപ്പിക്കുന്നതാണ്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ സ്ഥലമേറ്റെടുക്കൽ നടപടികളുടെ നിലവിലെ സ്ഥിതി അറിയിക്കാമോ; | (ബി) | പദ്ധതിയ്ക്ക് വേണ്ടി ഭൂമി ഏറ്റെടുക്കുന്നതിനുള്ള 11(1) വിജ്ഞാപനം സർക്കാർ 13.03.2024-ന് പുറപ്പെടുവിച്ചിരുന്നു. എന്നാൽ ഇതിനെതിരെ അയന ചാരിറ്റബിൾ ട്രസ്റ്റ് സമർപ്പിച്ച റിട്ട് ഹർജി ബഹുമാനപ്പെട്ട ഹൈ കോടതി 25.04.2024-ന് അഡ്മിറ്റ് ചെയ്യുകയും, 11(1) വിജ്ഞാപനത്തിന്മേലുള്ള തുടർനടപടികൾ 2 മാസത്തേക്ക് സ്റ്റേ ചെയ്യുകയും ചെയ്തു. സ്റ്റേ നീക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. |
| (സി) | പ്രസ്തുത പദ്ധതിയ്ക്ക് ആവശ്യമായ കേന്ദ്രസർക്കാരിന്റെയും മറ്റ് വിവിധ ഏജൻസികളുടെയും അനുമതികൾ എല്ലാം ലഭ്യമായിട്ടുണ്ടോ; എങ്കിൽ എന്നത്തേക്ക് നിർമ്മാണം ആരംഭിക്കുന്നതിനാണ് ലക്ഷ്യമിടുന്നതെന്ന് വ്യക്തമാക്കാമോ? | (സി) | ശബരിമല വിമാനത്താവള പദ്ധതിയ്ക്ക് കേന്ദ്ര വ്യോമയാന മന്ത്രാലയത്തിന്റെ "സൈറ്റ് ക്ലിയറൻസ്" അനുമതി 13.04.2023-ന് ലഭിച്ചിരുന്നു. തുടർന്ന് 30.06.2023-ന് കേന്ദ്ര പ്രതിരോധ മന്ത്രാലയത്തിൽ നിന്നും ഡിഫൻസ് ക്ലിയറൻസും, 20.05.2024-ന് കേന്ദ്ര വ്യോമയാന മന്ത്രാലയത്തിന്റെ സെക്യൂരിറ്റി ക്ലിയറൻസും ലഭിച്ചു. ഇതോടെ പദ്ധതിയ്ക്ക് ഈ ഘട്ടത്തിൽ കേന്ദ്ര സർക്കാരിൽ നിന്ന് |

| | | | |
|---|---|---|---|
| | | | ലഭിക്കേണ്ടതായുള്ള എല്ലാ അനുമതികളും ലഭിച്ചിട്ടുണ്ട്. ഇനി വിമാനത്താവളത്തിന്റെ നിർമ്മാണത്തിന് പാരിസ്ഥിതിക അനുമതി കൂടാതെ വ്യോമയാന മന്ത്രാലയത്തിന്റെ തത്വത്തിലുള്ള അംഗീകാരവുമാണ് ബാക്കിയുള്ളത്. ഈ അനുമതികൾ ലഭിക്കുന്നതിന് വേണ്ടിയുള്ള നടപടികൾ പദ്ധതി നിർവ്വഹണ ഏജൻസിയായ കെ.എസ്.ഐ.ഡി.സി മുഖേന നടന്നുവരുന്നു. ഭൂമിയേറ്റെടുക്കൽ പൂർത്തിയാവുകയും പാരിസ്ഥിതിക അനുമതി ലഭ്യമാകുകയും ചെയ്താൽ വിമാനത്താവളത്തിന്റെ ആദ്യഘട്ട നിർമ്മാണപ്രവർത്തനങ്ങൾ 2025 അവസാനത്തോടെ ആരംഭിക്കാനാവുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ